

THURSDAY 02.11.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–02/11/202

1. കൃഷിക്കൂട്ടാധിഷ്ഠിത ഫാം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടാൻ താല്പര്യമുള്ള കർഷകർ നവംബർ 10നകം അതാത് കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൃഷിക്കൂട്ടങ്ങളിൽ അംഗങ്ങൾ ആയിട്ടുള്ള കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും അപേക്ഷ നൽകാവുന്നതാണ്.

2. കർഷകർ ഉൽപാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ മൂല്യ വർധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റി സംഭരണ -വിതരണ ശൃംഖല ശക്തിപ്പെടുത്തി വിപണനം ചെയ്യുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആയി ജില്ലയിൽ 'വൈഗ റിസോഴ്സസ് സെന്റർ ' വേങ്ങേരി മാർക്കറ്റിനകത്തെ ആത്മ പ്രോജക്ട് ഡയറക്ടറുടെ കാര്യാലയത്തിൽ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനതലത്തിൽ നടത്തിവന്നിരുന്ന വൈഗ അതിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായാണ് ജില്ലാതലത്തിൽ പ്രവർത്തനം ആരംഭിച്ചത്. കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ട എല്ലാവിധ സേവനവും വൈഗ സെന്റർ വഴി കർഷകർക്ക് ഇനി എളുപ്പത്തിൽ ലഭ്യമാകും.

3. കേരളത്തിന്റെ മഹാ ഉത്സവമായി തിരുവനന്തപുരത്ത് നവംബർ 1 മുതൽ 7 വരെ കേരളീയം നടന്നു വരികയാണ്. കേരളീയം ട്രേഡ് ഫെയർ എട്ടു വേദികളിലായി നാനൂറിലേറെ സ്റ്റാളുകൾ. പ്രദർശന വിപണനം രാവിലെ 10 മുതൽ വൈകിട്ട് 10 മണി വരെ കേരളീയത്തിന്റെ ഭാഗമായി നടത്തപ്പെടുന്നു. കാർഷിക സെമിനാർ ഇന്ന് (നവംബർ 2-ാം തീയതി) നിയമസഭയിലെ ശ്രീ ശങ്കരനാരയണൻ തമ്പി - ഹാളിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്. കേരളീയത്തോട് അനുബന്ധിച്ച് കൃഷിവകുപ്പിന്റെ ട്രേഡ് ഫെയർ LMS COMPOUND ലാണ് ഒരുക്കുന്നത്. ജൈവ സർട്ടിഫിക്കേഷനുള്ള ഉൽപന്നങ്ങൾ, ഭൗമസൂചിക ലഭിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ സർക്കാരിന്റെ സ്വന്തം keralagro ബ്രാൻഡിൽ സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ തുടങ്ങിയവയും കേരള കാർഷിക സർവകലാശാലയുടെയും

ഫാമുകളിലേയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയും ട്രേഡ് ഫെയറിൽ ഉണ്ടായിരിക്കുന്നതാണ്.

4. കൃഷി കർഷക ക്ഷേമ മന്ത്രാലയം നാളികേര വികസന ബോർഡുമായി സഹകരിച്ച് (നവംബർ 2 3 തീയതികളിൽ) ഇന്നും നാളെയുമായി കൊച്ചി നെടുമ്പാശ്ശേരിയിലെ മാരിയറ്റ് ഹോട്ടലിൽ ഹോർട്ടികൾച്ചർ മേഖലയെ സംബന്ധിച്ച പ്രാദേശിക ശില്പശാല സംഘടിപ്പിക്കുന്നു. ഹോർട്ടികൾച്ചർ മേഖലയിലെ പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക, നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക, തെക്കൻ മേഖലയുടെ ഹോർട്ടികൾച്ചർ മേഖലയുടെ പുരോഗതിക്ക് ഊന്നൽ നൽകുക തുടങ്ങിയവയാണ് ശില്പശാലയുടെ ലക്ഷ്യങ്ങൾ.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ **നാനോ സയൻസ് ആൻഡ് ടെക്നോളജി** വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ചു വിവരം വെബ്സൈറ്റിൽ ലഭ്യമാണ് നിർദിഷ്ട യോഗ്യത ഉള്ളവർക്ക് 06.11.2023 രാവിലെ 10 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

6. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ ഫലവൃക്ഷങ്ങളായ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ്, പുളി എന്നിവയിൽ നിന്നും 01.11.2023 മുതൽ 31.10.2024 വരെയുള്ള ഒരു വർഷക്കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം ഇന്ന് (02.11.2023ന്) പകൽ 12 മണിക്ക് ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ആയിരം രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

7. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം നവംബർ 06 -ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് നടക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പറിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം